"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം- കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ 8 വർഷം പൂർത്തിയാക്കിയ 6 സ്റ്റാഫ് നഴ്സുമാർക്ക് ഒന്നാം ഹയർ ഗ്രേഡ് അനുവദിച്ചുകൊണ്ടുള്ള കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ നടപടിക്രമം റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.2588/2024/H&FWD തീയതി,തിരുവനന്തപുരം, 30-10-2024

---

പരാമർശം:-
1. കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ 31/12/2020ലെ ഇ1/4300/13/ജി.എം.സി.എച്ച്.കെ നമ്പർ നടപടിക്രമം
2. സ.ഉ.(കൈ).നം.62/2022/ആ.കു.വ, തീയതി 18/03/2022

**ഉത്തരവ്**

2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലെക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) 2019-ലെ 13-ാം ആക്ട് പ്രകാരം സഹകരണ മേഖലയിൽ സൊസൈറ്റികൾക്ക് കീഴിൽ പ്രവർത്തിച്ചു വന്നിരുന്ന പരിയാരം മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും 02/03/2019 തീയതി പ്രാബല്യത്തിൽ പൂർണമായും സർക്കാർ ഏറ്റെടുത്തു സർക്കാർ മേഖലയിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നിയന്ത്രണത്തിൽ കൊണ്ടു വരികയുണ്ടായി. തുടർന്ന് സർക്കാർ ഏറ്റെടുത്ത മുൻ പരിയാരം മെഡിക്കൽ കോളേജിലെ ജീവനക്കാരിൽ ഉൾപ്പെടുന്ന നഴ്സിംഗ് വിഭാഗം ജീവനക്കാരെ ആഗിരണം ചെയ്യുന്നതിനായി കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ സൃഷ്ടിക്കപ്പെട്ട 521 തസ്തികകളിലേക്ക് ജീവനക്കാരെ 02/03/2019 തീയതി പ്രാബല്യത്തിൽ അക്കൊമൊഡേറ്റ് ചെയ്ത് പരാമർശം (2) ഉത്തരവ് പുറപ്പെടുവിക്കുകയും തുടർന്ന് പ്രസ്തുത ജീവനക്കാർക്ക് സ്റ്റാൻഡ് എലോൺ അല്ലെങ്കിൽ എൻടി കേഡറിൽ ഓപ്ഷൻ സമർപ്പിക്കാൻ അവസരം നൽകുകയും തുടർന്ന് ടി ജീവനക്കാർ സമർപ്പിച്ച ഓപ്ഷന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ താൽക്കാലിക നിയമന ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്.

2) എന്നാൽ 02.03.2019 പ്രാബല്യത്തിൽ തീയതി പ്രാബല്യത്തിൽ സർക്കാർ ഏറ്റെടുത്ത കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലെ 31/12/2020- ൽ സ്റ്റാഫ് നഴ്സ് തസ്തികയിലുള്ള 6 ജീവനക്കാർക്ക് മുൻകാല സേവനം കണക്കിലെടുത്ത് വിവിധ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഒന്നാം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ച് പരാമർശം (1) പ്രകാരം കണ്ണൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി . സർക്കാർ അനുമതിയില്ലാതെ സഹകരണ മേഖലയിലെ മുൻകാല സേവനം കണക്കിലെടുത്ത് ടി ജീവനക്കാർക്ക് ഒന്നാം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ച കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ നടപടി ക്രമപ്രകാരമല്ല.

3) മാത്രമല്ല മേൽ പരാമർശിച്ചിട്ടുള്ള നടപടിക്രമത്തിലെ 6 ജീവനക്കാരെയും ഗ്രേഡ് II സ്റ്റാഫ് നഴ്സ് തസ്തികയിൽ 02/03/2019 തീയതി പ്രാബല്യത്തിൽ അക്കൊമൊഡേറ്റ് / ആഗീരണം ചെയ്തുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ, ടി ജീവനക്കാരുടെ സർവീസ് 02/03/2019 മുതൽ മാത്രമേ കണക്കാക്കാൻ സാധിക്കുകയുള്ളു.

4) ഈ സാഹചര്യത്തിൽ സർക്കാർ അനുമതിയില്ലാതെ നഴ്സിംഗ് വിഭാഗം ജീവനക്കാർക്ക് മുൻകാല സേവനകാലം കണക്കിലെടുത്ത് സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ച കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ പരാമർശം (1) ലെ നടപടിക്രമം അടിയന്തിരമായി റദ്ദ് ചെയ്ത് സർക്കാർ ഉത്തരവാകുന്നു. .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജേഷ് ജി ആർ

അഡിഷണൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം

പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ

വെബ് & ന്യൂ മീഡിയ, ഐ & പി ആർ ഡി, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് കോപ്പി (എസ് 1/ 152/2022/ആ.കു.വ)

ഉത്തരവിൻ പ്രകാരം

Signed by
T.Muraleedharan Chettiyar
സെക്ഷൻ ഓഫീസർ
Date: 30-10-2024 12:04:12